**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6575** **20-03-2023 - ൽ മറുപടിയ്ക്ക്**

**നാട്ടരങ്ങ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ നാട്ടരങ്ങ് പദ്ധതി ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | **മാവേലിക്കര നിയോജക മണ്ഡലത്തിൽപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പമ്പാ ജലസേചന പദ്ധതി വക റീസർവ്വേ നമ്പർ 556/4-ൽ പെട്ട 30സെന്റ് സ്ഥലത്ത് നാട്ടരങ്ങ് പദ്ധതി സ്ഥാപിക്കുന്നത് സംബന്ധിച്ച അപേക്ഷ സാംസ്കാരിക വകുപ്പ് കാര്യാലയത്തിൽ ലഭിക്കുകയും ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമില്ലായെന്നതിന് നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിനായി പമ്പാ ഇറിഗേഷൻ പ്രോജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെടുകയുമുണ്ടായി. എന്നാൽ നാട്ടരങ്ങ് നിർമ്മിക്കുന്നതിന് പമ്പാ ജലസേചന പദ്ധതി ഡിവിഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർദ്ദേശിച്ച പൊതു നിബന്ധനകൾ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകാര്യമല്ലാത്തതിനാൽ മാവേലിക്കരയിൽ നാട്ടരങ്ങ് പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല.** |
| (ബി) | നാട്ടരങ്ങ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | **ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്തയിടങ്ങളിൽ മതിയായ സ്ഥല സൗകര്യങ്ങൾ ഉള്ള പാതയോരങ്ങൾ കണ്ടെത്തി രംഗവേദികൾ സ്ഥാപിക്കുന്ന പദ്ധതിയാണ് നാട്ടരങ്ങ്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരു തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ, എന്നിവയും സൗന്ദര്യവത്കരണത്തിനായി ചുവർ ചിത്രങ്ങൾ ചെറുശില്പങ്ങൾ, റിലീഫ് വർക്കുകൾ എന്നിവയുമാണ് പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിട്ടുള്ളത്.**<br><br>**2022-23 സാമ്പത്തിക വർഷം പദ്ധതിക്ക് 140.00 ലക്ഷം രൂപ (ഒരു കോടി 40 ലക്ഷം) വകയിരുത്തിയിട്ടുണ്ട്. പാലക്കാട് വടക്കഞ്ചേരിയിൽ നാട്ടരങ്ങിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **നിലവിൽ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ഗവ. ഐ.ടി.ഐ യുടെ ഭാഗമായ സ്ഥലത്തും മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് അത്താണിക്കൽ ജംഗ്ഷനിലും തൃശ്ശൂർ ജില്ലയിൽ അന്നമനട ഗ്രാമപഞ്ചായത്തിലും നാട്ടരങ്ങുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന ചുഴലി ഹയർ സെക്കന്ററി സ്കൂൾ, ചലച്ചിത്ര അക്കാദമി കോമ്പൗണ്ട്, തിരുവനന്തപുരം ജില്ലയിൽ കല്ലറ ബസ് സ്റ്റാന്റ്, ചവറ മണ്ഡലത്തിലെ തെക്കും ഭാഗം ഗ്രാമപഞ്ചായത്തിലെ നടയ്ക്കാവ് മാർക്കറ്റ്, തലശ്ശേരി നിയോജക മണ്ഡലത്തിലെ കേരള സ്കൂൾ ഓഫ് ആർട്സ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ നാട്ടരങ്ങ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ